തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ആഡിറ്റ്

53 (1108) ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ 1997-98 സാമ്പത്തിക വർഷത്തെ കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകേണ്ട അവസാനതീയതി എന്നായിരുന്നു ;

(ബി) പ്രസ്തുത തീയതി കഴിഞ്ഞിട്ടും വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാത്ത എത്ര ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പാലിറ്റികളും ഉണ്ട് ;

(സി) ഇതുവരെയും വാർഷിക കണക്കുകൾ ഒരിക്കൽപോലും ഓഡിറ്റിന് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 1997-98 സാമ്പത്തിക വർഷത്തെ കണക്കുകൾ ഇതുവരെയും ഓഡിറ്റിന് നൽകാത്ത സ്ഥാപനങ്ങളുടെ അധികാരികളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ ; എങ്കിൽ എത്ര സ്ഥാപനങ്ങളിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ ഏതെങ്കിലും സ്ഥാപനങ്ങളുടെ മേലാധികാരികളുടെ പേരിൽ കോടതി മുഖേന നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ പേരിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-7-1998 ആണ് 1997-98 വർഷത്തെ കണക്ക് ഹാജരാക്കാനുള്ള അവസാന തീയതി.

(ബി, സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന മൂലധന ചെലവിനുള്ള തുക

54 (1109) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99, 1999-2000 എന്നീ ഓരോ വർഷങ്ങളിലും ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും പദ്ധതി ഇനത്തിൽ അനുവദിച്ച തുക എത്രയാണ് ;

(ബി) മൂലധന ചെലവിനുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി റവന്യൂ അക്കൗണ്ടിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly